ഉത്തരം

(എ) കോഴിക്കോട് കോതി-പള്ളിക്കണ്ടി പാലം പണി പുരോഗതിയിലാണ്. ഇതിന്റെ അബട്ട്മെന്റിന്റേയും പിയറുകളുടേയും പണി കഴിഞ്ഞു. മൂന്നു ഡക്കിന്റെ പണി പൂർത്തിയായി.

(ബി) പ്രസ്തുത പാലത്തിന്റെ പണി 2000-ാമാണ്ട് ഏപ്രിൽ മാസം പൂർത്തിയാകുമെന്ന് കരുതുന്നു.

(സി) ഉണ്ട്. പാലത്തിനും അപ്രോച്ച് റോഡിനും കൂടിയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

122 (1666) ആലപ്പുഴ നഗരത്തിലെ പാലങ്ങൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ ഏതെല്ലാം പാലങ്ങളാണ് പുതുക്കി പണിത് ഗതാഗതയോഗ്യമാക്കുന്നതിനായി സർക്കാരിന്റെ പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) ആലപ്പുഴ കണ്ണൻവർക്കി പാലം പുതുക്കിപ്പണിത് ഗതാഗതയോഗ്യമാക്കുന്നതിനായുള്ള നടപടി ഏതുവരെയായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊട്ടാരം പാലം, കൊച്ചുകട പാലം, മുറിഞ്ഞപുഴ പാലം, കണ്ണൻവർക്കി പാലം, വൈ.എം.സി.എ. പാലം, മട്ടാഞ്ചേരി പാലം, കൊത്തുവാൾ ചാവടി പാലം, വഴിച്ചേരി പാലം എന്നിവയുടെ പുതുക്കിപ്പണികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്.

(ബി) കൊട്ടാരം പാലത്തിന്റെ പണിക്കുവേണ്ടി കരാർ ഉറപ്പിച്ചു. വൈ. എം.സി.എ. പാലത്തിന്റെ പണിക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. കണ്ണൻവർക്കി പാലം പുതുക്കിപ്പണിയുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ പണിക്കുവേണ്ടിയുള്ള ഏകദേശം എസ്റ്റിമേറ്റുകൾ പരിശോധിച്ചുവരുന്നു.

(സി) ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പാലത്തിന്റെ പണിക്കുവേണ്ടി അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം അധികതുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മതിയായ തുക അനുവദിച്ചുകിട്ടിയാൽ മാത്രമേ കരാർ ഉറപ്പിച്ച് പണി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly